[ശ്രീ. കെ. കുഞ്ഞമ്പു]

കുറയ്ക്കുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്. നിലവിലുള്ള ബസ്സു് യാത്രക്കൂലി നിരക്കിനെക്കുറിച്ചു് അന്വേഷിച്ചു് റിപ്പോർട്ടു് സമർപ്പിക്കുന്നതിനു ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടു്.

(സി) കമ്മിറ്റിയുടെ റിപ്പോർട്ടു് പരിശോധിച്ചതിനുശേഷമേ തീർച്ചയാക്കാൻ സാധിക്കുകയുള്ളു.

ദേശീയ വികസന ബ്ലോക്കുകൾ

*103. [25] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോടു് ജില്ലയിൽ സ്റ്റേജു് 1. പരിധി കഴിഞ്ഞ എത്ര ദേശീയ വികസന ബ്ലോക്കുകളുണ്ടു്;

(ബി) അതിൽ എത്ര ബ്ലോക്കുകളിൽ സീഡു് ഫാമിനു സ്വന്തം കെട്ടിടങ്ങളുണ്ടു്:

(സി) അതു് എവിടെയെല്ലാം ആണു് ;

(ഡി) മലപ്പുറം എൻ. ഇ. എസ്സു്. ബ്ലോക്കിൽ പണി ചെയ്യു സീഡു് ഫാം കെട്ടിടത്തിന്റെ ചെലവു ബിൽ കൊടുത്തുകഴിഞ്ഞോ ;

(ഈ) പ്രസ്തുത കെട്ടിടത്തിനു് മൊത്തം എത്ര ഉറുപ്പിക ചെലവു് വന്നിട്ടുണ്ടു്.

(എഫു്) കെട്ടിടം കെട്ടുന്ന സ്ഥലം ഗവണ്മെൻറു് വിലയ്ക്കു് വാങ്ങിയതാണോ;

(ജി) സ്ഥലത്തിന്റെ വില കൊടുത്തു കഴിഞ്ഞോ;

(എച്ചു്) ഇല്ലെങ്കിൽ കാരണമെന്തു് ;

(ഐ) വില കൊടുക്കാത്ത സ്ഥലമാണെങ്കിൽ അവിടെ ഗവണ്മെൻറു് ചെലവിൽ കെട്ടിടം കെട്ടാൻ ഇടയായ സാഹചര്യം എങ്ങനെ ഉണ്ടായി;

(ജെ) അതിനുത്തരവാദി ആരാണു്?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്):

(എ) അഞ്ചു്.

(ബി) മേൽപ്പറഞ്ഞ ബ്ലോക്കുകളിൽ Seed Farms ഇല്ല.

(സി) ബി. വിഭാഗം ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) പണി ചെയ്തതു് സീഡു് ഫാമല്ല, സീഡു് സ്റ്റോറാണു്. ബിൽ കൊടുത്തുകഴിഞ്ഞു.

(ഈ) ആറായിരത്തി ഒരുനൂറ്റി ഇരുപത്തിനാലുരൂപ അറുപത്തി രണ്ടു നയാപൈസ.

(എഫു്) അല്ല

(ജി) ഇല്ല.

(എച്ചു്) പ്രസ്തുത സ്ഥലത്തു ബ്ലോക്കു് ഹെഡു് ക്വാർട്ടേഴ്സു് സ്ഥാപിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ലാത്തതുകൊണ്ടാണു്.

(ഐ) അതേപ്പറ്റി വിശദവിവരങ്ങൾ ശേഖരിച്ചുവരികയാണു്.

(ജെ) ഇപ്പോൾ പറയുക സാദ്ധ്യമല്ല.

ഓട്ടു കമ്പനി തൊഴിലാളികളുടെ മിനിമം വേജസു്

*104. [27] ശ്രീ. പി. ആർ. ഫ്രാൻസിസു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടുകമ്പനി തൊഴിലാളികളുടെ മിനിമം വേജസു് കമ്മിറ്റി റിപ്പോർട്ടു ഗവണ്മെൻറിനു ലഭിച്ചുവോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു ;

(സി) ടി റിപ്പോർട്ടു് പ്രസിദ്ധീകരിക്കുവാൻ ഗവണ്മെൻറിനു ഭയമുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly